**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 253** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ല് സംഭരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** നെല്ല് സംഭരണ പദ്ധതി പ്രകാരം, 2011-2012 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് കർഷകരിൽ നിന്നും എത്ര മെട്രിക്ക് ടൺ നെല്ല് സംഭരിച്ചു എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർത്തിരിക്കുന്നു.

**(ബി)** ഈ ഇനത്തിൽ സംഭരണ വിലയായി കർഷകർക്ക് വിതരണം ചെയ്ത തുക (മിനിമം സപ്പോർട്ട് പ്രൈസും സംസ്ഥാന പ്രോത്സാഹന ബോണസും വേർതിരിച്ച്) വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സംഭരണവിലയായി കർഷകർക്ക് വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു.

**(സി)** സംഭരിച്ച നെല്ലിന് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട മിനിമം സപ്പോർട്ട് പ്രൈസ് അടക്കമുള്ള തുകകൾ, കേന്ദ്രസർക്കാരിൽ നിന്നും ഈ ഇനത്തിൽ ലഭിച്ച തുക, ലഭിക്കാൻ ബാക്കിയുള്ള തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള തുകകൾ **അനുബന്ധം III** ആയി ചേർക്കുന്നു.

**(ഡി)** സംസ്ഥാന പ്രോത്സാഹന ബോണസ്സിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക, നൽകിയ തുക, സപ്ലൈകോയ്ക്ക് ഈയിനത്തിൽ സംസ്ഥാന സർക്കാർ നൽകാനുള്ള കുടിശികയുടെ വിവരങ്ങൾ എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാന പ്രോത്സാഹന ബോണസ്സിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക, നൽകിയ തുക എന്നിവയുടെ വിവരങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു.

കുടിശിക സംബന്ധിച്ച വിശദാംശങ്ങൾ:-

1. 2026 ഫെബ്രുവരി വരെ ക്ലെയിം സമർപ്പിച്ച വകയിൽ ലഭിക്കാനുള്ള കുടിശിക: ₹51.12 കോടി
2. 2026 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ക്ലെയിമുകൾ സമർപ്പിക്കേണ്ട വകയിൽ ലഭ്യമാകേണ്ട തുക: ₹230.32 കോടി

15-06-2026 വരെ SIB ഇനത്തിൽ ലഭിക്കാനുള്ള ആകെ കുടിശിക തുക ₹281.44 കോടി. (₹51.12 കോടി + ₹230.32 കോടി = ₹281.44 കോടി)

**സെക്ഷൻ ഓഫീസർ**